ജി3-2235/90

ഫോറസ്റ്റ് കൺസർവേറ്റർ
സെൻട്രൽ സർക്കിൾ, തൃ ശ്ശൂ ർ
തീയതി 3.9.1994.

## സർക്കുലർ നംപർ: 9/94

വിഷയം : കേരള ഫോറസ്റ്റ് കോഡ് പ്രകാരമുള്ള റിസർവ് പരിശോധനാ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നത് സംബന്ധിച്ചു:-

സൂചന : 1) ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ സർക്കുലർ ന ംപർ 36/87 തീയതി: 17.10.1987

2) -ടി- 12/91 തീയതി 20.5.1991

3) ഈ അ ാഫീസിലെ മേൽ നമ്പരിലുള്ള 7.8.1993. 7.10.1993, 22.10.18.4.1994 എന്നീ തീയതികളിലെ കത്തുകൾ

..............

1. കേരളാ ഫോറസ്റ്റ് കോഡ് വാല്യം ഒന്ന്, ഖണ്ഡിക 3.3.10 റെയിഞ്ചാഫീസർമാർ അവരുടെ അധികാര പരിധിയിലുള്ള എല്ലാ റിസർവ്വുകളും മാസംതോറും പരിശോധിക്കണമെന്ന് നിഷ്ക്കർഷിക്കിട്ടുണ്ട്. ഈ കോസ് വ്യവസ്ഥ നടപാക്കുന്നു എന്ന് ഉറപുവരുത്തുവാനുള്ള സംവിധാനമില്ലാതിരുന്നതുകൊണ്ട്, റെയിഞ്ചാഫീസർമാർ ശംബള ബില്ലു ഡിവിഷണൻ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കുംപോൾ, തങ്ങളൂടെ അധികാരപരിധിയിൽപ്പെട്ട എല്ലാ റിസർവുകളും , മാസത്തിൽ ഏതെല്ലാം തീയതികളിൽ പരിശോധിച്ച് എന്നുള്ള സർട്ടിഫിക്കറ്റുകൂടി ശംബള ബില്ലിൽ രേഖപ്പെടുത്തണമെന്നും പാസാക്കുന്നതിന് മുൻപ് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ ഈ സർട്ടിഫിക്കറ്റ് റെയിഞ്ചാഫീസർമാരുടെ ഡയറിയുമായി ഒത്തുനോക്കി, ബോദ്ധ്യപ്പെട്ടു, ആക്കാര്യം ബില്ലിൽ സാക്ഷ്യപെടുത്തണമെന്നും, ഉത്തരവാകുംകയുണ്ടായി.

2. സൂചന ഒന്നിലേയും രണ്ടിലേയും ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ സർക്കുലർ ഉത്തരവുകൾ പ്രകാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തങ്ങളുടെ അധികാരപരിധിയിൽപ്പെട്ട റിസർവ്വുകൾ മൂന്നുമായത്തിലൊരിക്കലെങ്കിലും, പരിശോധിച്ച് തങഅങ്ങളുടെ ത്രൈമാസ റിസർവ്വ് പരിശോധനാ സർട്ടിഫിക്കറ്റുകൾ, ഓരോ ത്രൈമാസവും കഴിഞ്ഞ് വരുന്ന 15 - ാ ം തീയതിക്കുമുൻപായി ഫോറസ്ററ് കൺസർവേറ്റർ ക്ക് സമർപ്പുക്കണ മെന്നും നിർദ്ദേശിച്ചിരിന്നു. കൂടാതെ മുകളിൽ ഖണ്ണിക ഒന്നിൽ പറയുന്നതായ റെയിഞ്ചാഫീസർമാരുടെ റിസർവ്വ് പരിശോധനാ സർട്ടിഫിക്കറ്റ് സെബന്ധിച്ച് പ്രസ്തുത സർട്ടിഫിക്കറ്റുകൾ വാങ്ങി ഡിവിഷണൽ ഫോറസ്റ്റാഫീസർ സൂക്ഷിച്ചുടുണ്ടെന്നും റെയിഞ്ചാഫീസർ സമർപ്പിച്ച് ഡയറിയുമായി ഒത്തുനോക്കി ശരിയാണെന്നും, സാക്ഷ്യപ്പെടുത്തികൊണ്ടുള്ള ഒരു പ്രോഢീകരിച്ച് സർട്ടിഫിക്കറ്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ഫോറസ്റ്റ് കൺസർനേറ്റർമാർക്ക് സമർപ്പിക്കുമെന്നും നിർദ്ദേശിച്ചിരുന്നു.

3. എന്നാൽ മുകളിൽ നിഷ്കർഷിച്ചിരിക്കുന്നതുപോലുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ ത്രൈമാസ റിസർവ്വു പരിശെധനാ സർട്ടിറിക്കറ്റ് തൃശൂർ ചാലക്കുടി ഡിവിഷനുകളെ സംബന്ധിച്ചിട്ത്തോളം 7-93 വരെയും ചാലക്കുടി ഡിവിഷനെ സംബന്ധിച്ചിടതോളം 12/91 വരെയും മാത്രമേ ഈ ആഫീസിൽ ലഭിച്ചിട്ടുള്ളു. അതുപോലെ തന്നെ റെയിഞ്ചാഫീസർമാരിൽ നിന്നും റിസർവ്വു പരിശോധനാ സർട്ടിഫിക്കറ്റഅ ലഭിച്ചതായി കാണിക്കുന്ന സാക്ഷ്യപത്രം തൃശ്ശൂർ ചാലക്കുടി മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ 1/91 വരെ മാത്രമേ സമർപ്പിച്ചിട്ടുള്ളു. വാഴച്ചാർ ഡിവിഷനെ സെബന്ധിച്ചിടതോളം ഈരണ്ടു സർട്ടിഫിക്കറ്റുകളും 1994- മാർച്ചുമാസം വരെ ലഭിച്ചിട്ടുള്ളതാണ്.

4. റിസർവ്വു പരിശോധനാ സർട്ടിഫിക്കറ്റ് യഥാസമയം സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്റെ പേരു വിവരം റിഫോർട്ടുചെയ്യുവ ാൻ ചീഫ് കൺസർവേറ്റർഡ ഓഫ് ഫോറസ്റ്റ് നിർദ്ദേശിച്ചിരിക്കുകയാണ്. മേൽ സാഹചര്യത്തിൽ താങ്കൾ താങ്കളുടെ ഡിവിഷനം സെബന്ധിച്ച് ഇനിയും സമർപ്പിക്കാനുള്ള റിസർവ്വും പരിശോധനാ സർട്ടിഫിക്കറ്റ്, ഈ സർക്കുലർ ലഭിച്ചിട്ട് 7 ദിവസത്തിനുള്ളിൽ സമർപ്പിക്കുവാനു ഇല്ലാത്ത പക്ഷം ഏതെല്ലാ ം റെയിഞ്ചാഫീസർമാരിൽ നിന്നുമാണ് റിസർവ്വ് പരിശോധനാ സർട്ടിഫിക്ക്റ്റ് ലഭിക്കാനുള്ളത് എന്ന കാര്യം അവരുടെ പേരു വിവരം സഹിതം റിപ്പോർട്ട് ചെയ്യുന്നതിനും താൽപര്യപ്പേടുന്നു.

5. ഈ സർക്കുലർ കൈപ്പറ്റിയതിന് ഒരു കൈപ്പറ്റ് രസീത് അയച്ച് ുതരേണ്ടതാണ്. നിശ്ചിത സമടപരിധിക്കുള്ളിൽ താങ്കള ിൽ നിന്നും റിസർവ്വ് പരിശോധമാ സർട്ടിഫിക്കറ്റോ മറ്റു വിവരങ്ങളോ ലഭിക്കാതിരുന്നൽ ടി വിവിരം ച ീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് റിപോർട്ടിചെയ്യുന്നതായിരി ്ക്കും എന്നും അറിയിക്കുന്നു.

പി. പ്രസാദ ബാബു
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

പകർപ്പ് : എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും റെയിഞ്ചാഫീസർമാർക്കു ം അടിയന്തിര നടപടികൾക്കായി അയ്യക്കുന്നു.

പകർപ്പ് : കൺസർ വേറ്റർ ഓഫ് ഫോറസ്റ്റിന്റെ പേഴ്സണൽ ഫയലിലേക്ക്

പകർപ്പ് : എ.എ.എസ്.എസ്.ജെ.എസ്.